KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.129/PR/PIC/PHQ/13 Date : 27.11.2013

# ഫുട്ബാൾ ടീമിന് സമുചിത വരവേൽപ്പ്

ഹൈദരാബാദിൽ നടന്ന അഖിലേന്ത്യാ പോലീസ് ഫുട്ബാൾ മത്സരത്തിൽ കിരീടം നേടി തിരികെയെത്തിയ കേരള പോലീസ് ടീമിന് പോലീസ് ആസ്ഥാനത്ത് സമുചിതമായ വരവേല്പ് നൽകി. ഇരുപതു വർഷങ്ങൾക്കുശേഷം തിരിച്ചുപിടിച്ച ട്രോഫി ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവിക്കു കൈമാറി.

കെ.എ.പി നാലാം ബറ്റാലിയനിലെ രാഹുൽ നയിച്ച ടീമിൽ മുൻ ഇന്റർനാഷണൽ ഐ.എം.വിജയൻ, മലപ്പുറം എം.എസ്.പിയിലെ നിഷാദ്.പി.പി, മുഹമ്മദ് മർസൂക്ക്, ടിൻസൻ, ജിംഷാദ്, ശരത്, എ.ആർ.ക്യാമ്പിലെ വിനോദ്, കെ.എ.പി ഒന്നാം ബറ്റാലിയനിലെ മെൽബിൻ.എസ്, അജിത് ഫെർമിൻ, പ്രശാന്ത്, കെ.എ.പി രണ്ടാം ബറ്റാലിയനിലെ നസറുദ്ദീൻ, ഫിറോസ്, കെ.എ.പി മൂന്നാം ബറ്റാലിയനിലെ സബീർ.എസ്, ജിമ്മിജോർജ്ജ്, രാംജിത്ത്, സിദ്ദിഖ്, അഭിജിത്ത്, കെ.എ.പി അഞ്ചാം ബറ്റാലിയനിലെ സാദിഖ് അലി, അനീഷ്, എസ്.എ.പിയിലെ ജിപ്സൺ എന്നിവർ അംഗങ്ങളാണ്. സേവ്യർ.എം.എഫ് (എസ്.എ.പി), കോച്ചും ഷിംജിത്ത്.എസ് (എം.എസ്.പി) അസിസ്റ്റന്റ് കോച്ചും യു.ഷറഫലി (എം.എസ്.പി) മാനേജറുമാണ്.

ടൂർണമെന്റിൽ ഒട്ടാകെ 23 ഗോളടിച്ച കേരള പോലീസ് ടീം ലീഗിൽ ഗുജറാത്ത് (7-0), ലക്ഷദ്വീപ് (5-1), നാഗാലാന്റ് (4-0) എന്നീ ടീമുകളെയും പ്രീക്വാർട്ടറിൽ ആന്ധ്രയെയും (2-0), ക്വാർട്ടറിൽ ബി.എസ്.എഫിനെയും (2-1), സെമിയിൽ എസ്.എസ്.ബിയെയും(1-0) തോൽപ്പിച്ചാണ് ഫൈനലിലെത്തിയത്. ഫൈനലിൽ തമിഴ്നാടിനെ (2-0) തോൽപ്പിക്കുകയായിരുന്നു. എട്ടുഗോളടിച്ച് ടോപ്സ്കോററായ കെ.എ.പി രണ്ടാം ബറ്റാലിയനിലെ നസറുദ്ദീൻ ടൂർണമെന്റിലെ മികച്ച കളിക്കാരനായി തെരഞ്ഞെടുക്കപ്പെട്ടു. ടൂർണമെന്റിലെ എല്ലാ മത്സരങ്ങളിലുമിറങ്ങിയ ഐ.എം.വിജയൻ കേരള ടീമിന്റെ വിജയത്തിന് നിർണായക പങ്ക് വഹിച്ചതായി കോച്ച് സേവ്യർ എം.എഫ് പറഞ്ഞു.

ഇരുപതു വർഷങ്ങൾക്കുശേഷം കിരീടം തിരികെ പിടിച്ച പോലീസ് ടീമംഗങ്ങളെ സംസ്ഥാന പോലീസ് മേധാവി കെ.എസ്.ബാലസുബ്രഹ്മണ്യൻ അഭിനന്ദിച്ചു. ടീമിന്റെ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. എ.ഡി.ജി.പിമാരായ ടി.പി.സെൻകുമാർ, വിൻസൺ എം.പോൾ, പി.വിജയാനന്ദ്, എ. ഹേമചന്ദ്രൻ, എൻ.ശങ്കർറെഡ്ഡി, ഐ.ജിമാരായ മനോജ് എബ്രഹാം, എസ്.ഗോപിനാഥ് എന്നിവർ പങ്കെടുത്തു.

The contents of this document may be deemed to be based on received information which is subject to further verification

**********